


# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

**സെറാഫിക്ക് സി ജി എച്ച് എസ് പെരിങ്ങോട്ടുകര**

**തൃശ്ശൂർ-680565**

**Email: seraphicschool@gmail.com**

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

**ആമുഖം**

തൃശ്ശൂർ ജില്ലയിലെ താന്ന്യം പഞ്ചായത്തിലെ 77 വർഷത്തെ പാരമ്പര്യമുള്ള സെറാഫിക്ക് കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ എന്നും പാഠ്യപാഠ്യേതരമേഖലകളിലെല്ലാം നല്ല നിലവാരം പുലർത്തുന്ന വിദ്യാലയമാണ്. 554 വിദ്യാർത്ഥിനികളും 29 അദ്ധ്യാപകരും 5 അനദ്ധ്യാപകരും ഒന്നു ചേർന്ന് പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന് പി ടി എ അംഗങ്ങളുടേയും പൂർണ്ണമായ പിന്തുണ ലഭിക്കുന്നുണ്ട്. നാടിന്റേയും നാട്ടുകാരുടേയും സഹകരണത്തോടു കൂടി ഈ വിദ്യാലയം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. 2021 ൽ സ്കൂകൾ കെട്ടിടം ആധുനികസൗകര്യങ്ങളോടു കൂടി നവീകരിക്കുകയും വിദ്യാർത്ഥിനികളുടെ പഠനനിലവാരം ഉയർത്തുന്നതിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഓരോ വർഷവും വിദ്യാലയത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനും വിദ്യാർത്ഥികളുടെ അക്കാദമികനിലവാരം ഉയർത്തിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

**ലക്ഷ്യം**

2025- 2026 അധ്യന വർഷം വിദ്യാലയത്തെ അക്കാദമികവും ഭൗതികവുമായി വളർത്തുകയും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുകയും സമൂഹത്തിന്റെ വളർച്ചയിൽ കൈത്താങ്ങാകുവാനും ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുകയാണ് ലക്ഷ്യം.

## പ്രവർത്തനങ്ങൾ

### 1. അക്കാദമിക അന്തരീക്ഷം മെച്ചപ്പെടുത്തൽ

| പ്രവർത്തനങ്ങൾ | ചുമതല |
|---|---|
| 1. സ്കീം ഓഫ് വർക്ക് അനുസരിച്ചുള്ള പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നു. | ടീച്ചേഴ്സ് |
| 2. ഭാഷാവിഷയങ്ങളിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് ശനിയാഴ്ചകളിലും സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും Special Coaching നൽകുന്നു. | ടീച്ചേഴ്സ് |
| 3. കണക്കിൽ അടിസ്ഥാന അറിവുകൾ നേടാത്ത കുട്ടികളെ കണ്ടെത്തി ശനിയാഴ്ചകളിലും സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും പ്രത്യേക പരിശീലനം നൽകുന്നു. | ടീച്ചേഴ്സ് |
| 4. Mid Term Exam നടത്തുന്നു | ടീച്ചേഴ്സ് & ഹെഡ്മിസ്ട്രസ്സ് |
| 5. ICT സധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. | ടീച്ചേഴ്സ് |

| | |
|---|---|
| 6. ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | ടീച്ചേഴ്സ് |
| 7. ഓരോ സ്റ്റാൻഡേർഡിനും പഠനയാത്രകൾ സംഘടിപ്പിക്കുന്നു | ടീച്ചേഴ്സ് |
| 8. കുട്ടികളുടെ നോട്ടുകൾ അദ്ധ്യാപകർ പരിശോധിക്കുന്നു. | ടീച്ചേഴ്സ് |
| 9. ഭിന്നശേഷിയുള്ള കുട്ടികളെ പ്രത്യേക പരിഗണന നൽകി പഠിപ്പിക്കുന്നു. | ടീച്ചേഴ്സ് |

II. **കുട്ടികളിൽ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

| **പ്രവർത്തനങ്ങൾ** | ചുമതല |
|---|---|
| 1. ലൈബ്രറിയിൽ നിന്നുള്ള പുസ്തകങ്ങൾ കൂടുതലായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. | മലയാളം അദ്ധ്യാപകർ |
| 2. വായനാവാരം നല്ല രീതിയിൽ ആഘോഷിക്കുന്നു | മലയാളം അദ്ധ്യാപകർ |
| 3. ആഴ്ചയിൽ ഒരു ദിവസം ഓരോ ക്ലാസ്സിൽ നിന്നും ഒരു കുട്ടിയെ തെരഞ്ഞെടുത്ത് മലയാളത്തിലെ ഒരു ഖണ്ഡിക അസംബ്ലിയിൽ വായിപ്പിക്കുന്നു | അദ്ധ്യാപകർ |
| 4. ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം നേടുന്നതിനായി ഇംഗ്ലിഷ് ക്ലബിന്റെ നേതൃത്വത്തിൽ വിവിധ തരം വായനാപ്രവർത്തനങ്ങൾ സ്കൂൾ അസംബ്ലിയിൽ നടത്തുന്നു. | അദ്ധ്യാപകർ |

III. **സർഗ്ഗാത്മകശേഷി വളർത്തുന്ന പ്രവർത്തനങ്ങൾ**

| **പ്രവർത്തനങ്ങൾ** | ചുമതല |
|---|---|
| 1.ചിത്രരചന, സംഗീതം കരകൗശലനിർമ്മാണം, കരാട്ടെ, അത് ലറ്റിക്സ്, ഫുട്ബോൾ, എന്നിവയിൽ കൂടുതൽ പരിശീലനം നൽകുന്നു. | P T , Music Work Experience teachers & HM |
| 2. Blue, Red, Yellow, Green എന്നിങ്ങനെ ഹൗസ് തിരിച്ച് വിവിധ കലാ കായിക മത്സരങ്ങൾ, പോസ്റ്റർ നിർമ്മാണം, ചിത്രരചനാമത്സരങ്ങൾ,ദിനാചരണങ്ങളോടനുബന്ധിച്ചുള്ള കലാപരിപാടികൾ എന്നിവ നടത്തുന്നു. | P T , Music Work Experience teachers & HM |

**IV. മാധ്യമപ്രവർത്തനങ്ങൾ**

| **പ്രവർത്തനങ്ങൾ** | ചുമതല |
|---|---|
| 1. വിദ്യാലയത്തിൽ നടക്കുന്ന ഓരോ പ്രവർത്തനങ്ങളുടേയും ദിനാചരണങ്ങളുടേയും വീഡിയോ തയ്യാറാക്കി ക്ലാസ്സ് ഗ്രൂപ്പുകളിൽ Share ചെയ്യുന്നു. | SITC |
| 2. ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ Short film തയ്യാറാക്കുന്നു | Little Kites |
| 3. സ്കൂൾ ഇലക്ഷൻ വോട്ടിംഗ് Digitalized ആക്കുന്നു. | SITC and Social Science teachers |

***V.* സാമൂഹ്യ പ്രവർത്തനങ്ങൾ**

| **പ്രവർത്തനങ്ങൾ** | ചുമതല |
|---|---|
| 1. കാരുണ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സഹായം നൽകുന്നു | SRG,PTA & HM |
| 2. പാവപ്പെട്ട കുട്ടികളെ കണ്ടെത്തി അതിദാരിദ്ര്യം പദ്ധതിയിലൂടെ അവരെ സഹായിക്കുന്നു | SRG,PTA & HMSRG,PTA & HM |
| 3. പെരിങ്ങോട്ടുകര ഗ്രമാത്തിലെ വയോധികരെ ക്ഷണിച്ച് ആദരിക്കുകയും അവരുടെ അനുഭവസമ്പത്ത് കുട്ടികളുമായി പങ്കുവെക്കുകയും ചെയ്യുന്നു. അതു വഴി നാടിനെയും പണ്ടത്തെ പശ്ചാത്തലങ്ങളേയും പറ്റി കുട്ടികൾക്ക് അറിവ് ലഭിക്കുന്നു | SRG,PTA & HM |
| 4. നമ്മുടെ സ്കൂളിന്റെ ഉപകാരികൾ ഡ്രൈവേഴ്സ് എന്നിവരെ വിളിച്ച് ആദരിക്കുന്നു | SRG,PTA & HM |
| 5. ഹരിതകർമ്മസേനംഗങ്ങളെ ആദരിക്കുന്നു | SRG,PTA & HM |
| 6. റെഡ് ക്രോസ്സ്, ഗൈഡിംഗ് എന്നീ സംഘടനകളുടെ നേതൃത്വത്തിൽ വൃത്തിഹീനമായ പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നു. | Guiding & Red Cross Incharge Teachers |

**ദിനാചരണങ്ങൾ**

ഓരോ മാസത്തേയും ദിനാചരണങ്ങൾ അദ്ധ്യാപകർ എഴുതി ക്രാഡീകരിച്ച് എസ് ആർ ജി യിൽ അവതരിപ്പിക്കുന്നു. അതാത് മാസത്തെ ദിനാചരണങ്ങൾക്ക് വിഷയാദ്ധ്യപകരും ഓരോ സ്റ്റാൻ ഡേർഡിലെ അദ്ധ്യാപകരും നേതത്വം നൽകുന്നു. ഹൗസ് തിരിച്ചും മറ്റും കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് സമ്മാനങ്ങൾ നൽകി പ്രോത്സാപ്പിക്കകയും ഹൗസുകൾക്ക് പോയിന്റ് നൽകുകയും ചെയ്യുന്നു.

**ഉപസംഹാരം**

വിദ്യാർത്ഥികളുടെ ഭൗതികവും ധാർമ്മികവു ആത്മീയവുമായ സമഗ്രവളർച്ച ലക്ഷ്യമാക്കിക്കൊണ്ട് തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ പാഠ്യപാഠ്യേതര വിഷയങ്ങളിൽ വിദ്ധ്യാർ ത്ഥികളെ ഉന്നതിയിലെത്തിക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അദ്ധ്യാപക അനദ്ധ്യാപകരുടെയും പി ടി എ അംഗങ്ങളുടെയും നിർലോഭമായ സഹകരണത്തിലൂടെ ഈ വിദ്യാലയത്തേയും ഇനിയും ഉയർച്ചയുടെ പാതയിൽ പുരോഗമിക്കാൻ സാധിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇവിടെ നിന്ന് പഠിച്ചിറങ്ങുന്ന ഓരോ വിദ്യാർത്ഥിയും എല്ലാ മേഖലകളിലും നല്ല നിലവാരം പുലർത്തുമെന്ന് ഞങ്ങൾക്ക് ഉറപ്പോടെ ഈ വിദ്യാലയം മുന്നേറുന്നു.

**.............നന്ദി..............**